**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5236** **14-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിലെ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ മൂന്ന് മാസത്തിൽ ഒരിക്കൽ നടത്താൻ നടപടി സ്വീകരിക്കുമോ എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | റവന്യൂ വകുപ്പിലെ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ മൂന്ന് മാസത്തിൽ ഒരിക്കൽ നടത്തുന്ന കാര്യത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | റവന്യൂ വകുപ്പിലെ ജോലി ഭാരത്തിനനുസരിച്ച് (ഐ.സി.ടി.)ച്ച് ആവശ്യത്തിന് ജീവനക്കാരെ അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | റവന്യൂ വകുപ്പിൽ വില്ലേജ് ഓഫീസുകളിലെ ജോലിഭാരത്തിനനുസരിച്ച് ഓരോ വില്ലേജ് ഓഫീസിലും ഒരു ക്ലർക്കിന്റെ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. കൂടാതെ തസ്തികകൾ ഒന്നും സൃഷ്ടിച്ചില്ലാത്ത വില്ലേജ് ഓഫീസുകളിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശയും സർക്കാരിന്റെ പരിശോധനയിലാണ്.<br><br>ജോലിഭാരം കൂടുതലുള്ള കാര്യാലയങ്ങളിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ച് ജോലിഭാരം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും, ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട ജോലികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ